(സി) പ്രസ്തുത ശുദ്ധജല സംഭരണി പ്രവർത്തനക്ഷമമാകുന്നതോടെ ഏതെല്ലാം പ്രദേശങ്ങളിലെ ജനവിഭാഗത്തിനാണ് ഉപയോഗപ്പെടുകയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ജിഡ-ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് എടവനക്കാട് പഞ്ചായത്തിൽ അനിയിൽ മാർക്കറ്റിൽ നിർമ്മാണത്തിലിരിക്കുന്ന ശുദ്ധജല സംഭരണി 28-2-2015-ൽ പൂർത്തീകരിച്ച് ട്രയൽ റൺ നടത്തിയിട്ടുണ്ട്.

ജിഡ-ഫഷറീസ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന എടവനക്കാട് പഞ്ചായത്തിലെ ജലസംഭരണിയിൽ വെള്ളം ശേഖരിച്ച് എടവനക്കാട്, കുഴിപ്പിള്ളി പഞ്ചായത്തുകൾക്ക് മാത്രമായി പൂർണ്ണ തോതിൽ കുടിവെള്ളം ലഭിക്കുന്നതിലേക്കുള്ളതാണ് ഈ പദ്ധതി. എന്നാൽ ജിഡയുടെ സാമ്പത്തിക സഹായത്തോടെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചയത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയിലൂടെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന മൂന്ന് ശുദ്ധജല സംഭരണികൾകൂടി ചാർജ്ജ് ചെയ്താൽ മാത്രമേ എടവനക്കാട്, കുഴിപ്പിള്ളി പഞ്ചായത്തുകൾക്ക് മാത്രമായി പൂർത്തിയാക്കിയ ജലസംഭരണിയുടെ പൂർണ്ണതോതിലുള്ള പ്രയോജനം ലഭിക്കുകയുള്ളൂ.

(സി) എടവനക്കാട്, കുഴിപ്പിള്ളി പഞ്ചായത്തിലെ ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

കാസർഗോഡ് നഗരത്തിലെ ജല വിതരണം

174 (4977) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നഗരത്തിൽ ജലവിതരണത്തിന് സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾക്ക് എത്ര കൊല്ലത്തെ കാലപ്പഴക്കം ഉണ്ട് ;

(ബി) കാലപ്പഴക്കം ചെന്ന പൈപ്പുകൾ അടിക്കടി പൊട്ടുന്നതുകൊണ്ട് കുടിവെള്ളം പാഴായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പൈപ്പുകൾ കേടായി വെള്ളം പാഴായി പോകുന്നത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് നന്നാക്കാൻ കാലതാമസംവരുന്ന സ്ഥിതിക്ക് പരിഹാരമുണ്ടാക്കാൻ പരാതികൾ രജിസ്റ്റർ ചെയ്യാനും സത്വര പരിഹാര നടപടികൾ സ്വീകരിക്കാനും തലസ്ഥാന നഗരത്തിലേതുപോലെ സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ശുദ്ധജല വിതരണ പദ്ധതിയിൽ കാസർഗോഡ് നഗരത്തിലുള്ള പൈപ്പുകൾക്ക് 20 മുതൽ 30 വർഷം വരെ കാലപ്പഴക്കം ഉള്ളവയാണ്.

(ബി) ശുദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പൈപ്പുകൾ കേടായത് ശുദ്ധയിൽപ്പെട്ടാൽ റണ്ണിംഗ് കോൺട്രാക്ട് മുഖേന സമയബന്ധിതമായി അറ്റകുറ്റപണികൾ നടത്തിവരുന്നുണ്ട്. തിരുവനന്തപുരത്തും കോഴിക്കോടും നിലവിലുള്ളതുപോലെ ബ്ലൂ ബ്രിഗേഡ് സംവിധാനം മറ്റുജില്ലകളിൽ നടപ്പിലാക്കുന്നത് പരിഗണിക്കുമ്പോൾ കാസർഗോഡും പരിഗണിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ കുടിവെള്ള പദ്ധതി

175 (4978) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മുന്നാട്-ബേഡഡുക്ക വില്ലേജുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് (ARWSS to Munnad -Bedodukka Village) എന്നാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിക്ക് ARP-യിൽ ഉൾപ്പെടുത്തി 29-2-2008-ൽ 700 ലക്ഷം രൂപയുടെ ഭരണാനുമതി കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്.

(ബി) പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പദ്ധതിയുടെ പ്രധാന ഘടകങ്ങളായ ഇൻടേക്ക് വെൽ, റോ വാട്ടർ ക്ലീയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല തുടങ്ങിയവ പൂർത്തീകരിച്ചു. 3 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണ ശാലയുടെ പ്രവൃത്തി 60% പൂർത്തീകരിച്ചു. റോ വാട്ടർ ക്ലിയർ വാട്ടർ പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് കരാർ നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതി 03/2016-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിനാൽ പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.